ശബരിമല മീഡിയ സെന്റർ , സന്നിധാനം
16/11/2026

ശബരിമല തീർത്ഥാടനം: ആരോഗ്യവകുപ്പ് സജ്ജം; പമ്പയിൽ 24 മണിക്കൂർ കൺട്രോൾ റൂം

സന്നിധാനം: മണ്ഡലപൂജമകരവിളക്ക് തീർത്ഥാടനകാലത്ത് ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് സമഗ്രമായ ആരോഗ്യസേവനങ്ങൾ ഉറപ്പാക്കാൻ ആരോഗ്യവകുപ്പ് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. നവംബർ **15** മുതൽ ജനുവരി **21** വരെ നീളുന്ന തീർത്ഥാടനകാലത്ത് സന്നിധാനം, പമ്പ, നിലയ്ക്കൽ, പരമ്പരാഗത കാനനപാതകൾ എന്നിവിടങ്ങളിലെ ആരോഗ്യകേന്ദ്രങ്ങൾ വഴി **24** മണിക്കൂറും ആരോഗ്യസേവനം ലഭ്യമാക്കും.

സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ ആശുപത്രികൾക്കും വിവിധ എമർജൻസി മെഡിക്കൽ സെന്ററുകൾക്കും ആവശ്യമായ ഡോക്ടർമാർ, നഴ്സിംഗ് ഓഫീസർമാർ, മറ്റ് ആരോഗ്യപ്രവർത്തകർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. അടിയന്തര ചികിത്സയ്ക്കും ഹൃദയസംബന്ധമായ അത്യാഹിതങ്ങൾക്കും പ്രത്യേക പരിഗണന നൽകും. രോഗികളെ വിദഗ്ധ ചികിത്സയ്ക്കായി ഉയർന്ന ചികിത്സാകേന്ദ്രങ്ങളിലേക്ക് മാറ്റുന്നതിനും ആംബുലൻസ് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

പമ്പയിൽ 24 മണിക്കൂർ കൺട്രോൾ റൂം

ആരോഗ്യപ്രവർത്തനങ്ങളുടെ ഏകോപനത്തിനായി പമ്പ ഗവൺമെന്റ് ആശുപത്രിയിൽ **24** മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യ നിയന്ത്രണകേന്ദ്രം സജ്ജമാക്കിയിട്ടുണ്ട്. എമർജൻസി മെഡിക്കൽ സെന്ററുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക, അടിയന്തര സാഹചര്യങ്ങളിൽ ആംബുലൻസ് സേവനം ലഭ്യമാക്കുക, സ്ട്രെച്ചർ സേവനം ക്രമീകരിക്കുക, വിവിധ ഭാഷകളിൽ തീർത്ഥാടകർക്ക് ആവശ്യമായ സഹായം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ കൺട്രോൾ റൂം വഴി ഏകോപിപ്പിക്കും.

അടിയന്തര ആവശ്യങ്ങൾക്ക് **0473 5203232** എന്ന നമ്പറിൽ ബന്ധപ്പെടാം.

Sabarimala Pilgrimage: Health Department Strengthens Medical Facilities; 24-Hour Control Room Set Up at Pamba

The Health Department has made extensive arrangements to ensure round-the-clock medical care for pilgrims visiting Sabarimala during the Mandala-Makaravilakku pilgrimage season. From November 15 to January 21, 24-hour healthcare services will be available at medical centres in Sannidhanam, Pamba and Nilakkal, as well as along the traditional forest trekking routes.

Doctors, nursing officers and other healthcare professionals have been deployed at hospitals and emergency medical centres across Sannidhanam, Pamba and Nilakkal. Special priority will be given to emergency treatment, particularly cardiac-related cases. Ambulance services have also been arranged to ensure the timely transportation of patients to advanced medical facilities for specialised treatment.

24-Hour Health Control Room at Pamba

A dedicated 24-hour health control room has been established at the Government Hospital in Pamba to coordinate and monitor medical services throughout the pilgrimage season. It will oversee the operations of emergency medical centres, coordinate ambulance deployment during medical emergencies, facilitate stretcher services and provide necessary assistance to pilgrims in multiple languages.

For emergency medical assistance, pilgrims can contact the 24-hour control room at:0473 5203232

The arrangements aim to ensure prompt medical assistance, effective emergency response and safe pilgrimage for all Ayyappa devotees.

सबरीमाला तीर्थयात्रा: स्वास्थ्य विभाग ने की व्यापक तैयारी; पंपा में 24 घंटे सक्रिय रहेगा नियंत्रण कक्ष

मंडल-मकरविलक्कू तीर्थयात्रा के दौरान सबरीमाला पहुंचने वाले श्रद्धालुओं को चौबीसों घंटे चिकित्सा सुविधा उपलब्ध कराने के लिए स्वास्थ्य विभाग ने व्यापक इंतजाम किए हैं। 15 नवंबर से 21 जनवरी तक सन्निधानम, पंपा और निलक्कल स्थित अस्पतालों एवं चिकित्सा केंद्रों के साथ-साथ पारंपरिक वन मार्गों पर भी 24 घंटे स्वास्थ्य सेवाएं उपलब्ध रहेंगी।

सन्निधानम, पंपा और निलक्कल के अस्पतालों तथा आपातकालीन चिकित्सा केंद्रों में डॉक्टरों, नर्सिंग अधिकारियों और अन्य स्वास्थ्यकर्मियों की तैनाती की गई है। आपातकालीन उपचार, विशेष रूप से हृदय संबंधी बीमारियों के मामलों को प्राथमिकता दी जाएगी। गंभीर मरीजों को बेहतर उपचार के लिए उन्नत चिकित्सा सुविधाओं वाले अस्पतालों तक समय पर पहुंचाने के उद्देश्य से एम्बुलेंस सेवाओं की भी व्यवस्था की गई है।

पंपा में 24 घंटे सक्रिय रहेगा स्वास्थ्य नियंत्रण कक्ष

पूरे तीर्थयात्रा सीजन के दौरान चिकित्सा सेवाओं का समन्वय और निगरानी करने के लिए पंपा स्थित सरकारी अस्पताल में विशेष 24 घंटे का स्वास्थ्य नियंत्रण कक्ष स्थापित किया गया है।

यह नियंत्रण कक्ष आपातकालीन चिकित्सा केंद्रों की गतिविधियों की निगरानी करेगा। साथ ही, चिकित्सा आपात स्थिति में एम्बुलेंस की त्वरित व्यवस्था, स्ट्रेचर सेवा और विभिन्न भाषाओं में श्रद्धालुओं को आवश्यक सहायता उपलब्ध कराने का कार्य भी करेगा।

आपातकालीन चिकित्सा सहायता के लिए श्रद्धालु चौबीसों घंटे सक्रिय नियंत्रण कक्ष के हेल्पलाइन नंबर 0473 5203232 पर संपर्क कर सकते हैं।

स्वास्थ्य विभाग की इन व्यवस्थाओं का मुख्य उद्देश्य सभी अयप्पा भक्तों को समय पर चिकित्सा सहायता उपलब्ध कराना, आपातकालीन परिस्थितियों में त्वरित कार्रवाई सुनिश्चित करना और उनकी तीर्थयात्रा को सुरक्षित एवं सुगम बनाना है।